പതിമൂന്നാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 1241      11/02/2016 ൽ മറുപടിക്ക്

# റീസർവ്വെ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എം. ചന്ദ്രൻ | ശ്രീ. അടൂർ പ്രകാശ്.<br>(റവന്യൂവും കയറും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് റീസർവ്വേ പൂർത്തീകരിക്കാത്ത എത്ര വില്ലേജുകളാണുള്ളത്; | (എ) 786 വില്ലേജുകൾ. |
| (ബി) 1970 കാലഘട്ടത്തിൽ ആരംഭിച്ച റീസർവ്വേ നടപടി ഇതുവരെയും പൂർത്തീകരിക്കുവാൻ കഴിയാത്തത് എന്തുകൊണ്ടാണ്; | (ബി) ജി.ഒ.(എം.എസ്സ്) 781/65/ആർ.ഡി ഉത്തരവ് പ്രകാരമാണ് റീസർവ്വേ പ്രവർത്തനങ്ങൾ ആരംഭിച്ചത്. 1988 കാലഘട്ടത്തിനുള്ളിൽ 500-ൽ പരം വില്ലേജുകളുടെ റീസർവ്വേ നടപടികൾ അവസാന ഘട്ടത്തിൽ എത്തുകയും 13 വില്ലേജുകളുടെ റീസർവ്വേ റിക്കാർഡുകൾ റവന്യൂ ഭരണത്തിന് കൈമാറുകയും ചെയ്തു. എന്നാൽ റീസർവ്വേ പ്രവർത്തനങ്ങൾക്ക് നിയോഗിച്ചിരുന്ന സർവ്വേ ജീവനക്കാരെ വിവിധ സമയങ്ങളിൽ സർക്കാരിന്റെ നയപരമായ മറ്റ് സർവ്വേ ജോലികൾക്ക് നിയോഗിക്കേണ്ടി വന്നതിനാൽ സമയബന്ധിതമായി റീസർവ്വേ റിക്കാർഡുകൾ റവന്യൂ ഭരണത്തിന് കൈമാറാൻ കഴിയാതെ വന്നു. 1994 കാലയളവിൽ അഞ്ഞൂറോളം വില്ലേജുകളുടെ റീസർവ്വേ റിക്കാർഡുകൾ റവന്യൂ ഭരണത്തിന് കൈമാറി. ടി വില്ലേജുകളിൽ റീസർവ്വേ സംബന്ധിച്ച് ധാരാളം പരാതികൾ ഉണ്ടാവുകയും ചെയ്തു. അതിനെ തുടർന്ന്, ടി പരാതികൾ പരിഹരിക്കുന്നതിനായി റീസർവ്വേ പരാതികൾ പരിഹരിക്കുക എന്ന ലക്ഷ്യം മുൻനിർത്തി, മുഴുവൻ സർവ്വേ ജീവനക്കാരെയും റീസർവ്വേ പരാതികൾ പരിഹരിക്കുന്നതിനുള്ള പ്രവർത്തനങ്ങൾക്കായി നിയോഗിക്കുകയും ചെയ്തു. |

| | |
|---|---|
| (സി) റീസർവ്വേ നടക്കാത്തതുകൊണ്ട് സാധാരണക്കാർക്ക് ഉണ്ടാകുന്ന ബുദ്ധിമുട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (സി) ഉണ്ട്. |
| (ഡി) റീസർവ്വേ സംസ്ഥാനത്താകെ സമയബന്ധിതമായി പൂർത്തീകരിക്കാനും സർവ്വേ റിക്കാർഡുകൾ റവന്യൂ വകുപ്പിന് കൈമാറുന്നതിനും നടപടി സ്വീകരിക്കുമോ? | (ഡി) സംസ്ഥാനത്ത് ആകെയുള്ള 1664 വില്ലേജുകളിൽ 878 വില്ലേജുകളുടെ റീസർവ്വേ പൂർത്തിയാക്കി റിക്കാർഡുകൾ റവന്യൂ ഭരണത്തിന് കൈമാറിയിട്ടുണ്ട്. സംസ്ഥാനത്ത് നിലവിൽ റീസർവ്വേ പ്രവർത്തനം സർക്കാർ ഭൂമിയിലും അപേക്ഷ ലഭിക്കുന്ന മുറയ്ക്ക് സ്വകാര്യ ഭൂമിയിലുമായി നിജപ്പെടുത്തി-യിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ